**പതിമൂന്നാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 313** **11.06.2013-ൽ മറുപടിയ്ക്ക്**

## കെ. എസ്. ഇ. ബി യുടെ കമ്പനിവൽക്കരണം

ചോദ്യം

ശ്രീ. പി. ബി. അബ്ദുൾ റസാക് :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | കെ. എസ്. ഇ. ബി.യെ കമ്പനിയാക്കുന്ന പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; | (എ) | കെ. എസ്. ഇ. ബി യുടെ ആസ്തി-ബാധ്യതകൾ ഏറ്റെടുക്കുന്നതിന് 1956-ലെ കമ്പനി നിയമത്തിൻ കീഴിൽ "കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്" എന്ന ഒരു കമ്പനിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. നിലവിൽ സർക്കാരിൽ നിക്ഷിപ്തമായ മുൻ വൈദ്യുതി ബോർഡിൻെറ ആസ്തി-ബാധ്യതകൾ ഈ കമ്പനിയിലേയ്ക്ക് കൈമാറ്റം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ സർക്കാർ തലത്തിൽ പുരോഗമിച്ചു വരുന്നു. കൈമാറ്റ നടപടി ക്രമങ്ങൾ പൂർത്തിയാക്കി ആസ്തി-ബാധ്യതകൾ പുതിയ കമ്പനിയിലേയ്ക്ക് പുനർനിക്ഷിപ്തമാക്കുന്നതിനുള്ള സമയപരിധി 30-06-2013 വരെയാണ് ഇപ്പോൾ അനുവദിക്കപ്പെട്ടിട്ടുള്ളത്. |
| (ബി) | ഇങ്ങനെ രൂപീകരിക്കുന്ന കമ്പനിയിൽ സ്വകാര്യ നിക്ഷേപം സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) | ഇല്ല. |
| (സി) | പുതിയ കമ്പനിയിലേക്ക് ഉദ്യോഗാർത്ഥികളെ നിയമിക്കാനുള്ള അധികാരം ആർക്കാണ് ; പി. എസ്. സി മുഖേനയുള്ള നിയമനരീതി തുടരുമോ ; വ്യക്തമാക്കുമോ ? | (സി) | പുതിയ കമ്പനിയിലേയ്ക്കുള്ള ഉദ്യോഗസ്ഥരുടെ നിയമനങ്ങൾക്ക് പി. എസ്. സി മുഖേനയുള്ള രീതി തന്നെ തുടരാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ.